**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 102** **10-06-2021 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ ക്ലാസ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. കെ.എം.സച്ചിൻദേവ് | | **Shri V Sivankutty**<br>(പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് രോഗവ്യാപനം മൂലം സ്കൂളുകളിൽ നേരിട്ടെത്തിയുള്ള പഠനം സാധിക്കാതിരിക്കുന്ന സാഹചര്യത്തിൽ ഓൺലൈൻ ക്ലാസ്സുകൾ കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | കഴിഞ്ഞ വർഷം ‘ഫസ്റ്റ്ബെൽ’ ഡിജിറ്റൽ ക്ലാസുകൾ നടപ്പിലാക്കിയതിന്റെ അനുഭവംകൂടി കണക്കിലെടുത്തുകൊണ്ടാണ് ഈ വർഷത്തെ ഡിജിറ്റൽ ക്ലാസുകൾ ക്രമീകരിച്ചിരിക്കുന്നത്. കഴിഞ്ഞ വർഷത്തെപ്പോലെ ഈവർഷവും ജൂൺ മാസം വിക്ടേഴ്സ് മുഖേനയുള്ള ഡിജിറ്റൽ ക്ലാസുകളുടെ സംപ്രേഷണമാണ് ഇപ്പോൾ നടത്തുന്നത്. അതത് അധ്യാപകർതന്നെ അവരവരുടെ വിദ്യാർത്ഥികളുമായി ഓൺലൈൻ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് (ഇന്റർനെറ്റ് സംവിധാനത്തിലൂടെ) നേരിട്ട് ആശയ വിനിമയം നടത്തുന്നതിനുള്ള സൗകര്യങ്ങളും ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ അതിന് മുമ്പ് ക്ലാസദ്ധ്യാപകർ കുട്ടികളുമായി സംവദിച്ച് അവർക്കുള്ള സൗകര്യങ്ങൾ വിലയിരുത്തുന്നതിനും ആ ഘട്ടത്തിൽ സ്വന്തമായി ഇന്റർനെറ്റ് സൗകര്യം ഇല്ലാത്ത കുട്ടികൾക്ക് സ്കൂളുകൾ ഉൾപ്പെടെയുള്ള പൊതുകേന്ദ്രങ്ങളിൽ അവസരം ഒരുക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്. ഘട്ടംഘട്ടമായാണ് ക്ലാസുകൾ ഓൺലൈൻ രൂപത്തിലേക്കുകൂടി മാറുന്നത്. അതിനുമുമ്പ് കുട്ടികൾക്ക് സ്വന്തമായോ പൊതുവായ സംവിധാനങ്ങളോ ലഭ്യമാണെന്ന് ഉറപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഓരോ ടീച്ചറിനും കുട്ടിയ്ക്കും പൊതു പ്ലാറ്റ്ഫോമിൽ സവിശേഷമായ ലോഗിൻ സംവിധാനത്തോടെ ഓൺലൈൻ ക്ലാസുകൾ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഓൺലൈൻ ക്ലാസുകൾ ശരിയായ അർത്ഥത്തിൽ പ്രാവർത്തികമാക്കുന്നതിന് മുൻപ് വിദ്യാശ്രീ പദ്ധതിയിലൂടെയോ സാധ്യമായ മറ്റ് പദ്ധതികളിലൂടെയോ കുട്ടികൾക്ക് ലാപ്ടോപ്പ് ഉൾപ്പെടെയുള്ള ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും പ്രത്യേക സ്കീമിൽ ഇന്റർനെറ്റ് സൗകര്യം |

| | | | |
|---|---|---|---|
| | | | ഒരുക്കുന്നതിനും സേവന ദാതാക്കളുമായി ആലോചിച്ച് ക്രമീകരണം ഒരുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഓൺലൈൻ ക്ലാസുകൾ വ്യാപകമാക്കുന്നതിന് മുൻപ് പൈലറ്റ് അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത ക്ലാസുകളിൽ നടപ്പിലാക്കി അവയുടെ ഫീഡ്ബാക്കിന് അനുസരിച്ചായിരിക്കും മറ്റു ക്ലാസുകളിലേക്ക് വ്യാപിപ്പിക്കുന്നതിന് ക്രമീകരണമൊരുക്കുന്നത്. |
| (ബി) | ഓൺലൈൻ സംവിധാനം പ്രയോജനപ്പെടുത്തി സംസ്ഥാനത്തെ സ്കൂൾ കുട്ടികളുടെ പഠന പ്രവർത്തനങ്ങൾക്ക് പരമാവധി സഹായം ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ നടപ്പാക്കിയ ഫസ്റ്റ് ബെൽ പദ്ധതിയുടെ വിശദാംശം നൽകുമോ; | (ബി) | കുട്ടികളുടെ പഠനവിടവ് കഴിയുന്നത്ര നികത്താൻ പര്യാപ്തമാകുന്ന തരത്തിലാണ് ഡിജിറ്റൽ ക്ലാസുകളും ഓൺലൈൻ ക്ലാസുകളും ക്രമീകരിച്ചിരിക്കുന്നത്. ക്ലാസുകൾക്ക് അധ്യാപകരുടെ തുടർപിന്തുണയും വിലയിരുത്തലും ഉണ്ടാകും. അക്കാദമിക-സാങ്കേതിക-നിർവഹണ-മോണിറ്ററിംഗ് മേഖലകളിൽ കൃത്യമായ ആസൂത്രണത്തോടെയാണ് ക്ലാസുകൾ ക്രമീകരിക്കുന്നത്. കഴിഞ്ഞവർഷത്തെ ക്ലാസിൽ പഠിക്കേണ്ടതും ഈ വർഷത്തെ ക്ലാസിൽ തുടർഭാഗങ്ങൾ വരുന്നതുമായ പാഠഭാഗങ്ങളുടെ അവലോകനമാണ് ജൂൺമാസത്തിൽ നടത്തുന്നത്. ഓരോ ടേമിലും പൂർത്തീകരിക്കേണ്ട ഭാഗങ്ങൾ മുൻകൂട്ടി നിശ്ചയിച്ച് കൃത്യമായ ആസൂത്രണത്തോടെ അതിനനുസൃതമായി ടൈംടേബിൾ തയാറാക്കി ക്ലാസുകൾ സംപ്രേഷണം ചെയ്യുന്നതാണ്. ഓരോ ക്ലാസിനുശേഷവും അധ്യാപകർക്കും രക്ഷിതാക്കൾക്കുമുള്ള നിർദേശങ്ങൾ നൽകുന്നതിന് അവസരമൊരുക്കും. കുട്ടിയുടെ തുടർപ്രവർത്തനങ്ങളും മൂല്യനിർണയ രീതിയും ഡിജിറ്റൽ ക്ലാസുകൾക്കപ്പുറം കുട്ടിക്ക് പ്രവർത്തനാധിഷ്ഠിതമായി മുന്നോട്ടുപോകാൻ കഴിയുന്നവിധത്തിൽ ക്രമീകരിക്കും. ഒരു വർഷത്തിലധികം സ്കൂളിലെത്താത്ത കുട്ടിയ്ക്ക് മാനസിക സമ്മർദ്ദങ്ങൾ ഒഴിവാക്കുന്ന തരത്തിലുള്ള സെഷനുകളും വിദഗ്ധരുടെ ക്ലാസുകളും ആദ്യഘട്ടത്തിൽ പൊതുവായി നൽകും. കുട്ടിയുടെ മാനസികാരോഗ്യം പരിഗണിച്ച് കലാ-കായിക വിദ്യാഭ്യാസം, പ്രവൃത്തി പരിചയം, ലൈഫ് സ്കിൽ തുടങ്ങിയവയ്ക്കും പ്രാധാന്യം നൽകിയുള്ള ക്ലാസുകൾ ക്രമീകരിക്കും. ക്ലാസ് മുറികളിൽ സാധാരണ നടത്തുന്ന പഠന പ്രവർത്തനങ്ങൾക്കുപരി കുട്ടിക്ക് അനായാസേന പിന്തുടരാൻ കഴിയുന്ന വിധത്തിൽ ക്ലാസുകൾ കൂടുതൽ ആകർഷകമാക്കുകയും ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഓഗ്മെന്റഡ് റിയാലിറ്റി തുടങ്ങിയ സംവിധാനങ്ങൾ ക്ലാസുകൾ മെച്ചമാക്കുന്നതിലും മോണിറ്റർ ചെയ്യുന്നതിലും പ്രയോജനപ്പെടുത്തും. പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള എംപവേർഡ് കമ്മിറ്റി രണ്ടാഴ്ചയിലൊരിക്കൽ യോഗം |

| | | | |
|---|---|---|---|
| | | | ചേർന്ന് വിലയിരുത്തുന്നതാണ്. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ മേൽനോട്ടത്തിൽ ശക്തമായ മോണിറ്ററിംഗ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ കുട്ടികൾക്കും ക്ലാസുകൾ കാണാനുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പുവരുത്തും. ക്ലാസുകൾ വീക്ഷിക്കുന്ന കുട്ടികളുടെ വിശദാംശങ്ങൾ സ്കൂൾ-സബ് ജില്ലാ-ജില്ലാ-സംസ്ഥാന തലത്തിൽ ശേഖരിച്ച് തുടർപ്രവർത്തനങ്ങൾക്ക് ക്രമീകരണം ഒരുക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഡിജിറ്റൽ, ഓൺലൈൻ പഠനത്തിന്റെ സാങ്കേതിക കാര്യങ്ങൾ കൈറ്റും അക്കാദമിക കാര്യങ്ങൾ എസ്.സി.ഇ.ആർ.ടി.യും ആവശ്യമായ പിന്തുണാ സംവിധാനങ്ങൾ എസ്.എസ്.കെ. യുമാണ് ഒരുക്കുന്നത്. പ്രത്യേക പരിഗണന അർഹിക്കുന്ന മേഖലകൾ, കുട്ടികൾ എന്നിവർക്കായി പ്രത്യേക മോണിറ്ററിംഗ് സംവിധാനവും ഇവിടങ്ങളിൽ സത്വര പരിഹാരവും ഉണ്ടാകുന്നതാണ്. |
| (സി) | ഇനി ഏതെല്ലാം പരീക്ഷകളാണ് സ്കൂളുകളിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിട്ടുള്ളതെന്നും അതിനായി സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ എന്തൊക്കെയാണെന്നും അറിയിക്കാമോ? | (സി) | ഹയർ സെക്കണ്ടറി/ വൊക്കേഷണൽ ഹയർ സെക്കണ്ടറി ഒന്നാംവർഷ പരീക്ഷകൾ അടുത്ത സെപ്റ്റംബർ മാസത്തിൽ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ ടൈംടേബിളും, ഫോക്കസ് ഏരിയയും നിലവിൽ പ്രസിദ്ധീ കരിച്ചിട്ടുണ്ട്. 2020-21 അധ്യയന വർഷത്തെ എസ്.എസ്.എൽസി, ഹയർസെക്കണ്ടറി പരീക്ഷകൾ നടത്തിയ അതേ മാതൃകയിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ